## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2959 13.03.2018-ൽ മറുപടിയ്ക്ക്.

### പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കൽ

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തെ പ്രവർത്തനങ്ങളും 2018-19 -ലെ വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷമായ 2018-19 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകളായി ഇതിനോടകം തന്നെ നൽകുകയും ആയത് പ്രകാരം ഭൂരിഭാഗം തദ്ദേശഭരണസ്ഥാപനങ്ങളും നിശ്ചിത സമയക്രമമനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ആസൂത്രണ സമിതികളുടെ പ്രധാന കർത്തവ്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് നിലവിൽ ആസൂത്രണ സമിതികൾക്ക് കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) | ജനകീയാസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ-നിർവഹണ ചുമതലകളിൽ സഹായ സംവിധാനം ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവഹണം, |

| | | | |
|---|---|---|---|
| | | | വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. ആസൂത്രണ സമിതിയുടെ മറ്റു ചുമതലകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും, വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിൽ സഹായം നൽകുന്നതിനും ആസൂത്രണ സമിതികളുടെ സേവനങ്ങൾ ഫലപ്രദമാണോ ; അല്ലെങ്കിൽ ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (സി) | സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞതിലൂടെ ആസൂത്രണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമായി നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ആസൂത്രണസമിതിയുടെ ചുമതലകൾ

(1) പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ചർച്ചകൾ പ്രോത്സാഹിപ്പിക്കുക.

(2) തദ്ദേശഭരണ പ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിന് സഹായിക്കുക.

(3) തദ്ദേശഭരണ സ്ഥാപനത്തിന്റെ പതിമൂന്നാം പഞ്ചവത്സരപദ്ധതിയും (2017-22) വാർഷിക പദ്ധതിയും (2017-18) തയ്യാറാക്കുന്നതിന് സഹായം നൽകുക.

(4) പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക.

(5) അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക.

(6) ആസൂത്രണ സമയവിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പു വരുത്തുക.

(7) വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക.

(8) പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനം സംഘടിപ്പിക്കുന്ന ആലോചനായോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കുക.

(9) പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക.

(10) സ്റ്റേക്ക്ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക.

(11) തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക.

സെക്രട്ടറി